# ‘തേജോമയനായ ദൈവം’

## പുറപ്പാട് 34:29

‘‘അവൻ തന്നോടു അരുളിച്ചെയ്തതു നിമിത്തം തന്റെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചു എന്നു മോശെ സാക്ഷ്യത്തിന്റെ പലക രണ്ടും കയ്യിൽ പിടിച്ചുകൊണ്ടു സീനായി പർവ്വതത്തിൽ നിന്നു ഇറങ്ങുമ്പോൾ അറിഞ്ഞില്ല’’.

‘അവൻ തന്നോടു അരുളിച്ചെയ്തതു നിമിത്തം തന്റെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചു’. ഒരുവൻ അറിഞ്ഞിട്ടുള്ള ദൈവത്തെപ്പറ്റി മാത്രമെ മറ്റൊരുവനോട് പറയാൻ കഴിയുകയുള്ളൂ. മോശ തന്റെ ജീവിതത്തിൽ അനുഭവിച്ച ദൈവീകതേജസ്സിന്റെ വെളിപ്പെടുത്തലാണ് നാം ഇവിടെ കണ്ടത്. അറിഞ്ഞ ദൈവത്തിന്റെ പ്രകാശവുമായി കടന്നുവരുന്ന മോശയുടെ വ്യത്യസ്തമായ ഒരു മുഖമാണ് ഈ വേദഭാഗത്ത് നാം കാണുന്നത്.

മോശ പർവ്വതത്തിൽ നിന്ന് ഇറങ്ങി വന്നപ്പോൾ അവന്റെ മുഖം പ്രകാശിച്ചു. സങ്കീ. 34:5 ൽ ‘‘അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി’’ എന്നാണല്ലോ പറയുന്നത്. അതെ, അവന്റെ അടുത്തു ചെന്നാൽ, അവനെ ഒന്നു നോക്കിയാൽ തീർച്ചയായും നമ്മുടെ മുഖം പ്രകാശിക്കും. മോശ ഇവിടെ ദൈവത്തോടു കൂടെയായിരുന്നു. അവനോടൊത്തു ഇരുന്നിട്ടുണ്ടെങ്കിൽ മുഖത്തിന്റെ തേജസ്സ് വർദ്ധിക്കും. മുഖം മാത്രമല്ല, നടപ്പും ബന്ധങ്ങളും അങ്ങനെ ജീവിതത്തിന്റെ തന്നെ മുഖഛായ വ്യത്യാസപ്പെടും. അത് വ്യക്തി ജീവിതത്തിലും തുടർന്ന് മറ്റു തലങ്ങളിലേക്കും ഈ പ്രകാശം പരത്താൻ ഇടയാകും.

യാക്കോബ് 4:8 ൽ കാണുന്നു ‘‘ദൈവത്തോട് അടുത്തു ചെല്ലുവിൻ, എന്നാൽ അവൻ നിങ്ങളോട് അടുത്തു വരും’’. അവന്റെ അടുത്തേക്ക് ചെന്നാൽ അത് ശ്രേഷ്ഠമായ, പ്രകടമായ ഒരു വ്യത്യാസം തന്നെ ഉണ്ടാക്കും. യേശുവുമായുള്ള നടപ്പ് മറ്റെന്തിൽനിന്നും ഒരു വ്യക്തിയെ വ്യത്യാസപ്പെടുത്തുന്നു. കർത്താവ് തൊടുന്നതെല്ലാം വ്യത്യാസപ്പെടും. കർത്താവിനോടുകൂടെ രഹസ്യസ്ഥലത്തിരിക്കാനുള്ള ഒരു വിളി എല്ലാ ദൈവ പൈതലിന്റെയും പദവി ആണെന്നതാണ് വാസ്തവം. ‘‘പാറയുടെ പിളർപ്പിലും കടുന്തൂക്കിന്റെ മറവിലും ഇരിക്കുന്ന എന്റെ പ്രാവേ, ഞാൻ നിന്റെ മുഖം ഒന്നു കാണട്ടെ. നിന്റെ സ്വരം ഒന്നു കേൾക്കട്ടെ.’’ ഉത്തമഗീതത്തിലുടെ കർത്താവ് സഭയെ എത്ര സ്നേഹത്തോടെയാണു വിളിക്കുന്നതെന്നു നമുക്ക് മനസ്സിലാക്കാം. പാറയാകുന്ന ക്രിസ്തുവിന്റെ കൂടെ തന്നെ ആയിരിപ്പാൻ ഓരോ ദൈവപൈതലിനും ഇടയാകട്ടെ. അതേ, ‘ഞാൻ യഹോവയോട് ഒരു കാര്യം അപേക്ഷിച്ചു. അതുതന്നെ ഞാൻ ആഗ്രഹിക്കുന്നു’ അവന്റെ

ആലയത്തിൽ നിത്യം വസിക്കാനുള്ള സങ്കീർത്തനക്കാരന്റെ വാഞ്ച നമുക്ക് ഇവിടെ ദർശിക്കാം. ഓരോ വിശ്വാസിയുടെയും ദാഹം അതുതന്നെ ആകട്ടെ.

ദൈവതേജസ്സിന്റെ ശോഭ, മോശയ്ക്ക് ഇറങ്ങിവന്നപ്പോൾ മനസ്സിലായില്ല. എന്നാൽ കൂടിനിന്നിരുന്ന ജനം ത്വക്ക് പ്രകാശിക്കുന്നതു കണ്ട് ഭയപ്പെട്ടു എന്നാണ് വേദഭാഗത്ത് നാം വായിക്കുന്നത്. ദൈവതേജസ്സ് കണ്ടവരെല്ലാം ആത്മവിവശരായി നിലമ്പാടടിച്ചവരാകുന്നല്ലോ. യെശയ്യാവിന്റെയും യോഹന്നാന്റെയുമൊക്കെ അനുഭവം അതു നമ്മെ പഠിപ്പിക്കുന്നു. ദൈവത്തോടൊപ്പം വസിക്കുക എന്ന ഭാഗ്യപദവി എത്ര വിലയേറിയതാകുന്നു. സാക്ഷ്യപെട്ടകവുമായി മോശ പ്രകാശത്തോടെ ഇറങ്ങിവന്നു. അതേ, അവനോടൊപ്പം അല്പം ഒന്ന് ആയിരിപ്പാൻ ആഗ്രഹിച്ചാൽ, സമർപ്പിച്ചു കൊടുത്താൽ വലുതും മഹത്വവുമായത് പ്രാപിക്കാൻ തീർച്ചയായും കഴിയും. അവന്റെ ആത്മീകസത്യത്തിന്റെ ആഴമേറിയ അനുഭവവുമായി നടക്കുവാൻ ഇടയാകട്ടെ.

പ്രിയ സോദരാ, ആഗ്രഹിക്കുക, അധികമായി, നിരന്തരമായി കർത്താവിന്റെ കൂടെയുള്ള വാസത്തിന്. അതിനായി സമർപ്പിക്കാമോ? തേജസ്സിലും, ശക്തിയിലും വഴിനടത്താൻ നിരന്തരമായി ഇച്ഛിച്ചുകൊണ്ടിരിക്കുന്ന ഒരു പിതാവാണ് നമുക്കുള്ളത്. തേജസ്സേറിയ ഓരോരുത്തരുടെയും ജീവിതാനുഭവം കണ്ട് മറ്റുള്ളവരുടെ ജീവിതത്തിലും തേജോമയനായ ദൈവത്തെ അന്വേഷിക്കുവാനും അറിയുവാനും പിൻപറ്റുവാനും ഇടയാകട്ടെ.

പരാമർശം :
മത്തായി 17:2

‘‘അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു, അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു അവന്റെ വസ്ത്രം വെളിച്ചം പോലെ വെള്ളയായി തീർന്നു.’’

**സിസ്റ്റർ ബിന്ദു റെജി അയ്മനം 016**